**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **08-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശമേഖലയിലെ മാടക്കാൽ, പടന്നക്കടപ്പുറം റോഡ് പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തീരദേശമേഖലയിൽ മാടക്കാൽ, പടന്നക്കടപ്പുറം എന്നീ റോഡ് പാലങ്ങൾക്ക് കിഫ്ബി വഴി അനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കേരള റോഡ് ഫണ്ട് ബോർഡ് വഴി ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ ഭീമനടി-കാലിക്കടവ് പാലത്തിന് 31/10/2016-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ ഡി.പി.ആർ 12/03/2019 തീയതിയിൽ കെ.ആർ.എഫ്.ബി പ്രൊജക്ട് ഡയറക്ടർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക 2.33 കോടി രൂപ മാത്രമായതിനാൽ പ്രസ്തുത പ്രവൃത്തി മറ്റേതെങ്കിലും പ്രവൃത്തിയോട്ടുകൂടി ഉൾപ്പെടുത്തുവാൻ കിഫ്ബി നിർദ്ദേശിച്ചു. കിഫ്ബി മീറ്റിംഗിൽ ബഹു. തൃക്കരിപ്പൂർ എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ മടക്കൽക്കടവ് പാലം, പടന്ന തെക്കേക്കടവ് പാലം എന്നിവ കൂടി ഉൾപ്പെടുത്തുവാനുള്ള പ്രൊപ്പോസൽ കിഫ്ബി യിലേയ്ക്ക് 11/02/2021 തീയതിയിൽ സമർപ്പിച്ചു. പ്രസ്തുത പാലങ്ങൾ ഒറ്റ പദ്ധതി ആയി ചെയ്യുവാൻ 09/03/2021 ൽ കിഫ്ബി അനുവാദം നൽകി. കാലിക്കടവ് പാലം 04/07/2022-തീയതിയിൽ ടെൻഡർ ചെയ്യുകയും അഞ്ച് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി 27/08/2022-തീയതിയിൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാങ്കേതിക അനുമതി WBS, ടെണ്ടർ ഫയൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് 13/10/2022-ൽ കിഫ്ബിയിൽ സമർപ്പിയ്ക്കുകയും 04/11/2022 ൽ മടക്കി നൽകുകയും ചെയ്തിരുന്നു. ആയത് പുനർസമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം കിഫ്ബിയിൽ നിന്നും കരാർ നമ്പർ ലഭ്യമാക്കി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതാണ്. മറ്റ് രണ്ടു പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. ഡി.പി.ആർ തയ്യാറാക്കി ആയത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. കാസർഗോഡ് ജില്ലയിലെ ഭീമനടി-കാലിക്കടവ് പാലത്തിന് 31/10/2016-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ ഡി.പി.ആർ 12/03/2019 തീയതിയിൽ കെ.ആർ.എഫ്.ബി പ്രൊജക്ട് ഡയറക്ടർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക 2.33 കോടി രൂപ മാത്രമായതിനാൽ പ്രസ്തുത പ്രവൃത്തി മറ്റേതെങ്കിലും പ്രവൃത്തിയോടുകൂടി ഉൾപ്പെടുത്തുവാൻ കിഫ്ബി നിർദ്ദേശിച്ചു. കിഫ്ബി മീറ്റിംഗിൽ ബഹു. തൃക്കരിപ്പൂർ എം.എൽ.എ.യുടെ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ മടക്കൽക്കടവ് പാലം, പടന്ന തെക്കേക്കടവ് പാലം എന്നിവ കൂടി ഉൾപ്പെടുത്തുവാനുള്ള പ്രൊപ്പോസൽ കിഫ്ബി യിലേയ്ക്ക് 11/02/2021 തീയതിയിൽ സമർപ്പിച്ചു. പ്രസ്തുത പാലങ്ങൾ ഒറ്റ പദ്ധതി ആയി ചെയ്യുവാൻ 09/03/2021 ൽ കിഫ്ബി അനുവാദം നൽകി. കാലിക്കടവ് പാലം 04/07/2022-തീയതിയിൽ ടെൻഡർ ചെയ്യുകയും അഞ്ച് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി 27/08/2022-തീയതിയിൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാങ്കേതിക അനുമതി WBS, ടെണ്ടർ ഫയൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് 13/10/2022-ൽ കിഫ്ബിയിൽ സമർപ്പിയ്ക്കുകയും 04/11/2022 ൽ മടക്കി നൽകുകയും ചെയ്തിരുന്നു. ആയത് പുനർസമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം കിഫ്ബിയിൽ നിന്നും കരാർ നമ്പർ ലഭ്യമാക്കി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതാണ്. മറ്റ് രണ്ടു പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. ഡി.പി.ആർ തയ്യാറാക്കി ആയത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ